**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 609** — **24/01/2018 ൽ മറുപടിക്ക്**

## മൈലാട്ടി പട്ടുനൂൽ ഉൽപാദന കേന്ദ്രം

**ചോദ്യം**
**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മൈലാട്ടി പട്ടുനൂൽ ഉൽപാദന കേന്ദ്രം പ്രവർത്തനം തുടങ്ങിയത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | 1993 ൽ |
| (ബി) | പ്രസ്തുത കേന്ദ്രത്തിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും ഇവർക്ക് ലഭിക്കുന്ന വേതനം എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ 17 തൊഴിലാളികളുണ്ട്. അവരുടെ ദിവസ വേതനം 200 രൂപയാണ്. |
| (സി) | ഇവർക്ക് മുടങ്ങാതെ വേതനം ലഭിക്കുന്നുണ്ടോ ;ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) | 2016 മാർച്ച് മാസം വരെ വേതനം നൽകിയിട്ടുണ്ട്. സെറിഫെഡിന്റെ ലിക്വിഡേഷനെതിരേയുള്ള കേസിന്റെ വിധിയെ തുടർന്ന് സെറിഫെഡ് പുനർ രൂപീകരണത്തിന് ഉത്തരവാകുകയും ടി സിൽക്ക് റീലിംഗ് യൂണിറ്റിന്റെ നടത്തിപ്പ് ചുമതല സർക്കാർ ഉത്തരവ് പ്രകാരം ഖാദി ബോർഡിൽ നിന്നും സെറിഫെഡിന് 20/01/2016 ൽ കൈമാറുകയും പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം സെറിഫെഡ് ആരംഭിക്കാത്തതിനെ തുടർന്ന് തൊഴിലാളികൾക്ക് ജോലിയും കൂലിയും ഇല്ലാതായി. 2016 മാർച്ച് മുതൽ 1,46,000/- രൂപ കുടിശ്ശികയുണ്ട്. |
| (ഡി) | സിൽക്ക് റീലിങ് യൂണിറ്റ് സെറിഫെഡിലേക്ക് കൊണ്ടു വന്നിരുന്നോ; എങ്കിൽ എപ്പോഴാണതെന്നും അതിനുള്ള കാരണം | (ഡി) | 1995 ൽ ഖാദി ബോർഡിൽ നിന്ന് ടി യൂണിറ്റ് സെറിഫെഡിന് കൈമാറുകയും 2010 ജൂലൈ മാസത്തിൽ സെറിഫെഡ് ലിക്വിഡേറ്റ് ചെയ്ത് സിൽക്ക് റീലിംഗ് |

| | | | |
|---|---|---|---|
| | എന്താണെന്നും വ്യക്തമാക്കാമോ; | | യൂണിറ്റിന്റെ പ്രവർത്തന ചുമതല ഖാദി ബോർഡിന് നൽകുകയും ചെയ്തിരുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ 05/08/2015 സർക്കാർ ഉത്തരവ് പ്രകാരം സെറിഫെഡിനെ പുനരുജ്ജീവിപ്പിക്കുകയും സിൽക്ക് റീലിംഗ് യൂണിറ്റ് സെറിഫെഡിന് കൈമാറുകയും ചെയ്തു. |
| (ഇ) | സെറിഫെഡ് പിരിച്ചു വിട്ടിട്ടുണ്ടോ ; എങ്കിൽ ഏപ്പോഴാണ് പിരിച്ചു വിട്ടതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ; പിരിച്ചു വിട്ടിട്ടുണ്ടെങ്കിൽ തൊഴിലാളികളുടെ ഇപ്പോഴത്തെ അവസ്ഥയും ഭാവിയും എന്താണെന്ന് വ്യക്തമാക്കാമോ ? | (ഇ) | 05/08/2015 സർക്കാർ ഉത്തരവ് പ്രകാരം സെറിഫെഡിനെ പുനരുജ്ജീവിപ്പിക്കുകയും തെരഞ്ഞെടുത്ത ഭരണ സമിതി നിലവിലുമുണ്ട്. |

സെക്ഷൻ ഓഫീസർ